**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2096** **09-02-2023 - ൽ മറുപടിയ്ക്ക്**

**തടവുകാരുടെ കയ്യിൽ നിന്നും മൊബൈൽ ഫോൺ പിടികൂടിയത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ അടുത്ത കാലത്ത് വിയ്യൂർ സെൻട്രൽ ജയിലിൽ നിന്നും ``ചാർജ്ജുള്ള മൊബൈൽ ഫോണും കഞ്ചാവും കണ്ടെത്തുകയുണ്ടായോ; ഒരാഴ്ചയ്ക്കിടയിൽ രണ്ടു തവണ ജയിലിൽ നിന്നും ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായോ; വ്യക്തമാക്കാമോ; | (എ) | കരുതൽ തടങ്കലിലുള്ള ഒരു അന്തേവാസിയുടെ ബാഗിൽ നിന്നും കണ്ടെത്തിയ സംഭവത്തിൽ ക്രൈം നമ്പർ 60/2023, ക്രൈം നമ്പർ 70/2023 എന്നിങ്ങനെ രണ്ട് കേസുകൾ വിയ്യൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. |
| (ബി) | ടി.പി. ചന്ദ്രശേഖരൻ കേസിലെ ഒന്നാം പ്രതിയുടെ സെല്ലിനരികിൽ നിന്നാണോ ഇപ്പോൾ കഞ്ചാവും മൊബൈൽ ഫോണും പിടികൂടിയത്; കുറ്റവാളികൾക്ക് ഇത്തരം വസ്തുക്കൾ എത്തിച്ചു നൽകുന്നത് ജീവനക്കാരുടെ സഹായത്തോടെ ആണോ; എങ്കിൽ കുറ്റക്കാരായ ജീവനക്കാർക്കെതിരെ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കരുതൽ തടങ്കലിലുള്ള ഒരു അന്തേവാസിയുടെ ബാഗിൽ നിന്നും കണ്ടെത്തിയ സംഭവത്തിൽ ക്രൈം നമ്പർ 60/2023, ക്രൈം നമ്പർ 70/2023 എന്നിങ്ങനെ രണ്ട് കേസുകൾ വിയ്യൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. |
| (സി) | പ്രസ്തുത പ്രതിയുടെ കയ്യിൽ നിന്നും ഇതിനു മുൻപ് ഇത്തരം അനധികൃത വസ്തുക്കൾ പിടികൂടിയിട്ടുണ്ടോ; എങ്കിൽ എത്ര തവണയാണ് അത്തരത്തിൽ പിടികൂടിയിട്ടുള്ളത്; വർഷവും പിടികൂടിയ വസ്തുക്കളും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | ബാധകമല്ല |
| (ഡി) | 2010-ന് ശേഷം ഇത്തരത്തിലുള്ള എത്ര കേസുകളാണ് വിയ്യൂർ സെൻട്രൽ ജയിലിൽ ആകെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ഡി) | അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ഇ) | മറ്റു സഹതടവുകാരെ ആക്രമിക്കുന്നത് അടക്കം കൊടും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരെ സൂക്ഷിച്ചിരിക്കുന്ന 'എച്ച്' ബ്ലോക്കിൽ നിന്നാണോ മയക്കുമരുന്നും മൊബൈൽ ഫോണുകളും കണ്ടെത്തിയിട്ടുള്ളത്; ഇവിടെ മയക്കുമരുന്ന് ഉപയോഗം നടക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഇ) | കൊടും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവർ എന്ന രീതിയിൽ തരം തിരിച്ചിട്ടുള്ള തടവുകാർ ഇല്ല |

| | | | |
|---|---|---|---|
| (എഫ്) | ടി. പി. ചന്ദ്രശേഖരൻ കൊലപാതക കേസിലെ മറ്റൊരു പ്രതിയായ കിർമാണി മനോജ് വിയ്യൂർ സെൻട്രൽ ജയിലിൽ നിന്നും പരോളിനിറങ്ങിയതിന് ശേഷം കണ്ണൂർ സെൻട്രൽ ജയിലിലേക്കാണോ തിരികെ പോയത്; വ്യക്തമാക്കാമോ; | (എഫ്) | കണ്ണൂർ സെൻട്രൽ പ്രിസൺ കറക്ഷണൽ ഹോമിലേക്ക് ജയിൽ മേധാവി മാറ്റം അനുവദിച്ചിട്ടുണ്ട്. |
| (ജി) | പരോളിൽ പുറത്ത് വിടുന്ന ജയിലിലേക്ക് തന്നെ കുറ്റവാളികൾ തിരികെ എത്തണമെന്ന് നിലവിലെ ജയിൽ ചട്ടങ്ങൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഈ പ്രതിക്ക് മാത്രമായി ജയിൽ ചട്ടങ്ങളിൽ ഇളവ് വരുത്താൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ജി) | ഇല്ല |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | വർഷം | കേസുകളുടെ എണ്ണം |
|---|---|---|
| 1 | 2011 | 1 |
| 2 | 2012 | 1 |
| 3 | 2013 | 1 |
| 4 | 2014 | 5 |
| 5 | 2015 | 1 |
| 6 | 2016 | 6 |
| 7 | 2017 | 13 |
| 8 | 2018 | 18 |
| 9 | 2019 | 15 |
| 10 | 2020 | 7 |
| 11 | 2021 | 17 |
| 12 | 2022 | 13 |
| 13 | 2023 | 7 |